"ഭരണഭാഷ - മാതൃഭാഷ"

നം: R&D-11958/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 04.03.2017.
Email: swdkerala@gmail.com
Phone:0471-2306040.

## പരിപത്രം

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നത് - സംബന്ധിച്ച്:

സൂചന:- 24.01.2017-ന് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റ് - അനക്സ് കോൺഫറൻസ് ഹാളിൽ നടന്ന മീറ്റിംഗ് മിനിട്ട്സ്.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളുടെയും കുട്ടികളുടെ സ്ഥാപനങ്ങളുടെയും പ്രവർത്തനവും സ്ഥാപനത്തിലെ സൗകര്യങ്ങളും, പോരായ്മകളും വിലയിരുത്തേണ്ടതുണ്ട് എന്ന് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി അറിയിക്കുകയുണ്ടായി. ഇതിലേയ്ക്ക് സംസ്ഥാനത്തെ എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും, കുട്ടികളുടെ സ്ഥാപനങ്ങളിലും അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നേതൃത്വത്തിൽ നിലവിൽ നടത്തി വരുന്ന സംയുക്ത പരിശോധന കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, വിമെൻ പ്രൊട്ടക്ഷൻ ഓഫീസർമാർ എന്നിവരടങ്ങുന്ന കമ്മിറ്റിയും കുട്ടികളുടെ ക്ഷേമ സ്ഥാപനങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വുമൺ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി മാസത്തിൽ ഒരിക്കൽ സന്ദർശനം നടത്തേണ്ടതാണ്. സ്ഥാപന സന്ദർശനം നടത്തി ലഭിക്കുന്ന പരാതികൾ അവിടെ വച്ച് തീർപ്പാക്കാവുന്നതും, ഡയറക്ടറുടെ തീരുമാനം ആവശ്യമുള്ളവ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

AN

മേൽ വിവരിച്ച തരത്തിൽ സ്ഥാപന പരിശോധന നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,
എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും,
എല്ലാ വിമെൻ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.

AN